LIBRARY ARCHIVES Kerala Legislative Assembly

<u>ഉത്തരം</u>

(എ&ബി) ഉണ്ട്.

(സി) അഡ്വക്കേറ്റ് ജനറൽ ശിപാർശ ചെയ്യുന്നതിന്റെ അടിസ്ഥാനത്തിലാണ് തുക അനുവദിക്കുന്നത്.

(ഡി)

1. ഹരിൺ. പി. റാവൽ
2. രഞ്ജിത്ത് കുമാർ
3. എൻ. വെങ്കിട്ടരാമൻ
4. ജയ്ദീപ് ഗുപ്ത
5. അമരേന്ദ്ര ശരൺ
6. രാകേഷ് ദ്വിവേദി
7. സൻസ്കൃതി പതക്
8. പല്ലവ് ഷിസോദിയ
9. അമിത് ആനന്ദ് തിവാരി

(ഇ) വിവരം ശേഖരിച്ചുവരുന്നു.

**സർക്കാർ ഭൂമി വ്യാജ ആധാരം ചമച്ച് സ്വന്തമാക്കിയതിന്മേൽ വിജിലൻസ് അന്വേഷണം**

130 (5794) <u>ശ്രീ. ഒ. രാജഗോപാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര താലൂക്കിലെ വെളിയം ഗ്രാമപഞ്ചായത്തിലെ മാലയിൽ മലപ്പത്തൂരിൽ നന്ദാവനം എസ്റ്റേറ്റ് പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയുടെ പേരിൽ റബ്ബർ കൃഷി നടത്താനെന്ന വ്യാജേന നൂറ്റി അൻപത് ഏക്കറോളം സർക്കാർ ഭൂമി വ്യാജ ആധാരം ചമച്ച് സ്വന്തമാക്കിയതായി കൊല്ലം വിജിലൻസ് കണ്ടെത്തിയിട്ടും തുടർ നടപടികൾ സ്വീകരിക്കാത്തത് എന്തു കൊണ്ടാണെന്ന് വിശദമാക്കാമോ;

(ബി) ഈ വിഷയത്തിൽ നാളിതു വരെ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) ഈ വിഷയം സംബന്ധിച്ച് വിജിലൻസ് ആൻഡ് ആന്റി-കറപ്ഷൻ ബ്യൂറോ കൊല്ലം യൂണിറ്റ് ക്യൂ.വി 34/16 കൊല്ലം നമ്പറായി ഒരു സത്വരാന്വേഷണം നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഉദ്യോഗസ്ഥർ ഉൾപ്പെടെ 8 പേർക്കെതിരെ വി.സി.05/2017/കൊല്ലം നമ്പറായി ഒരു വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേസന്വേഷണം പുരോഗമിച്ചുവരുന്നു.

**പുതിയ വിജിലൻസ് കമ്മീഷൻ**

131 (5796) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ വിജിലൻസ് കമ്മീഷൻ രൂപീകരിക്കുന്ന നടപടിക്രമങ്ങൾ ഏത് ഘട്ടംവരെയായി എന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത കമ്മീഷനിൽ എത്രപേരുണ്ടാകും; ഇതിന്റെ ഘടന എങ്ങനെയെന്ന് വിശദമാക്കുമോ;

(സി) കമ്മീഷൻ രൂപീകരിക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ എന്തെങ്കിലും മാർഗ്ഗനിർദ്ദേശം ഉണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്ത് പുതിയ വിജിലൻസ് കമ്മീഷൻ രൂപീകരിക്കുന്ന കാര്യം പരിശോധിച്ചുവരികയാണ്.

(സി) കമ്മീഷന്റെ കരട് ബില്ലിന്റെ മാതൃക റിമാർക്സിനായി കേന്ദ്ര സർക്കാരിന്റെ മിനിസ്ട്രി ഓഫ് പേഴ്സണൽ, പബ്ലിക് ഗ്രീവൻസ് & പെൻഷൻ കാര്യാലയത്തിൽനിന്നും സർക്കാരിന് ലഭ്യമാക്കിയിട്ടുണ്ട്.

**കാസർഗോഡ് ജില്ലയിലെ കുടുംബകോടതി**

132 (T+ 5797) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് ജില്ലയിൽ കുടുംബകോടതി പ്രവർത്തിക്കുന്നുണ്ടോ;

+ "T" മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.